# യൂണിറ്റ് : 2

## വിപ്ലവങ്ങളുടെ കാലം

1. ഫ്രഞ്ച് ജനതയെ വിപ്ലവത്തിലേക്ക് നയിക്കുന്നതിൽ റൂസ്സോ, വോൾട്ടയർ, മൊണ്ടെസ്ക്യൂ എന്നീ ചിന്തകന്മാർ വഹിച്ച പങ്ക് വിശകലനം ചെയ്ത് ലഘു കുറിപ്പ് തയാറാക്കുക? 2 സ്കോർ

2. ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹ്യഉച്ചനീചത്വങ്ങൾക്കെതിരായ സമരമായിരുന്നു ഫ്രഞ്ച് വിപ്ലവം. ഈ പ്രസ്താവന വിലയിരുത്തുക? 2 സ്കോർ

3. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങൾ എന്തെല്ലാമായിരുന്നു? ഈ ആശയങ്ങൾ ഏതു സാമൂഹ്യഅവസ്ഥയെയാണ് മാറ്റിമറിച്ചത്? 3 സ്കോർ

4. ശാസ്ത്രീയ സോഷ്യലിസവും ഉട്ടോപ്യൻ സോഷ്യലിസവും സോഷ്യലിസത്തിന്റെ വ്യത്യസ്ത ചിന്താധാരകളാണ്. ഇവ തമ്മിൽ എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു? 2 സ്കോർ

5. ബാസ്തീയ് കോട്ടയുടെ പതനം നടന്ന ജൂലായ് 14 ഫ്രാൻസിന്റെ ദേശീയ ദിനമായി ഇന്നും ആചരിക്കുന്നു. ബാസ്തീയ് കോട്ടയുടെ പതനം ഫ്രഞ്ച് ജനതയുടെ ജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങളെന്ത്? 2 സ്കോർ

6. 'പെറ്റീഷൻ ഓഫ് റൈറ്റ്സ്' മുതൽ 'ബിൽ ഓഫ് റൈറ്റ്സ്' വരെയുള്ള ഇംഗ്ലണ്ടിലെ വിവിധ സംഭവ വികാസങ്ങൾ ഉൾപ്പെടുത്തി ഒരു ഫ്ളോചാർട്ട് തയാറാക്കുക? 3 സ്കോർ

7. 'ഇംഗ്ലണ്ടിൽ രാജഭരണം നില നിൽക്കുന്നുവെങ്കിലും രാജാവ് ഭരിക്കുന്നില്ല' – ഇംഗ്ലണ്ടിലെ ആഭ്യന്തര സമരവും തുടർന്നുണ്ടായ നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക? 3 സ്കോർ

8. ഇംഗ്ലണ്ടിലെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരായ ഒരു വിജയമാണ് 'പെറ്റീഷൻ ഓഫ് റൈറ്റ്സ്' – എന്നാൽ ഇത് ഇംഗ്ലണ്ടിനെ ആഭ്യന്തരയുദ്ധത്തിലേക്ക് നയിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ ആഭ്യന്തരയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രസ്താവന പരിശോധിക്കുക? 3 സ്കോർ

9. 'നീണ്ട പാർലമെന്റ്' (Long parliament) റംപ് പാർലമെന്റ് (Rump parliament) എന്നിവ ഇംഗ്ലണ്ടിലെ ജനാധിപത്യ ഭരണക്രമത്തിലേക്കുള്ള നടപടികളിൽ സുപ്രധാനമാണ്. ഇവ എന്താണെന്ന് വ്യക്തമാക്കുക? 2 സ്കോർ

10. 'കോമൺവെൽത്ത് കാലഘട്ടം' രാജഭരണത്തിനെതിരെ ഉയർന്നു വന്ന ഒരു ജനാധിപത്യ ഭരണ കാലമായിരുന്നോ? വിലയിരുത്തുക? 2 സ്കോർ

11. 'ഫ്രഞ്ച് വിപ്ലവം ലോകത്തിനു നൽകിയ ജനാധിപത്യ ആശയങ്ങളായിരുന്നു സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം – ഫ്രാൻസിലെ ഭരണക്രമത്തിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക. 4 സ്കോർ

12. ഫ്രഞ്ചു വിപ്ലവത്തിലൂടെ ഉയർന്നുവന്ന മധ്യവർഗ്ഗത്തിന് ഭരണാധികാരത്തിൽ ഇടപെടാൻ നെപ്പോളിയൻ അവസരം നൽകി. നെപ്പോളിയന്റെ ഭരണനടപടികൾ വിലയിരുത്തി ഈ പ്രസ്താവന പരിശോധിക്കുക? 3 സ്കോർ

13. 'ഫ്യൂഡൽ ഭരണത്തിൽ നിന്ന് ഫ്രാൻസിനെ റിപ്പബ്ലിക്കൻ ഭരണത്തിലേക്ക് നയിച്ചതാണ് നെപ്പോളിയന്റെ കാലം' ഫ്രാൻസിലെ നെപ്പോളിയൻ ഭരണ കാലഘട്ടത്തിന്റെ സവിശേഷതകൾ വ്യക്തമാക്കി ഈ പ്രസ്താവന സാധൂകരിക്കുക? 4 സ്കോർ

14. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങളായ 'സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം' എന്നിവയുടെ നിരാകരണമായിരുന്നു 1815 ലെ വിയന്നാ സമ്മേളനം – എന്തുകൊണ്ട്? 2 സ്കോർ

15. സാമ്പത്തിക പ്രവർത്തനങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടൽ കുറയ്ക്കണമെന്ന പക്ഷക്കാരായിരുന്നു മുതലാളിത്ത സാമ്പത്തിക സിദ്ധാന്തക്കാർ - ഈ പ്രസ്താവന വിലയിരുത്തുക? 3 സ്കോർ

16. മുതലാളിത്ത സാമ്പത്തിക നയങ്ങളും സോഷ്യലിസ്റ്റ് സാമ്പത്തിക നയങ്ങളും എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? ഉത്പാദനം, സാമ്പത്തിക വിതരണം ഇവയിലുള്ള നിലപാടുകൾ ഉദാഹരിച്ച് ഇക്കാര്യം വ്യക്തമാക്കുക? 4 സ്കോർ

17. ശാസ്ത്ര പുരോഗതി വ്യവസായ വിപ്ലവത്തിലേക്കും കാർഷിക വിപ്ലവത്തിലേക്കും നയിച്ചു. ഇതിലൂടെ കാർഷിക വ്യവസായിക രംഗങ്ങളിലുണ്ടായ മിച്ചോൽപാദനം കോളനീകരണത്തെയും സാമ്രാജ്യത്വ വികസനത്തേയും ത്വരിതപ്പെടുത്തി. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?? 4 സ്കോർ

18. 'വ്യവസായ വിപ്ലവം', യന്ത്രവൽക്കരണത്തിലൂടെ ഉൽപാദനത്തിലുണ്ടായ കുതിച്ചുചാട്ടമാണ്. എന്നാൽ കാർഷികവിപ്ലവം എന്നതു കൊണ്ട് സൂചിപ്പിക്കുന്ന മാറ്റങ്ങളെന്ത്? ഇവ ഈ രംഗത്തു വരുത്തിയ പരിഷ്കാരങ്ങളെന്ത്? 4 സ്കോർ

19. ഇംഗ്ലണ്ടിലെ രാജാധിപത്യത്തെ നിയന്ത്രിക്കാൻ പാർലമെന്റ് പാസ്സാക്കിയ രണ്ട് നിയമങ്ങൾ ഏതൊക്കെ? 2 സ്കോർ

20. രാജവംശവും പാർലമെന്റും തമ്മിൽ നടന്ന അധികാര തർക്കങ്ങൾക്കിടയിൽ പാർലമെന്റിലെ ഒരു സാധാരണ അംഗമായിരുന്ന ഒലിവർ ക്രോംവെൽ 1649-ൽ ഇംഗ്ലണ്ടിൽ അധികാരത്തിലെത്തി. ഒലിവർ ക്രോംവെല്ലിന്റെ ഭരണകാലം ഇംഗ്ലണ്ടിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കിയത്? 4 സ്കോർ

21. ഇംഗ്ലണ്ടിന്റെ പാർലമെന്റ് ചരിത്രത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്നവയാണ് 'ലോങ്ങ് പാർലമെന്റും' 'റംപ് പാർലമെന്റും'. ഇവ എന്തെന്ന് വിശദമാക്കുക. 2 സ്കോർ

22. ഫ്രഞ്ചുസമൂഹത്തിന്റെ അവസ്ഥ ചിത്രീകരിക്കുന്ന പിരമിഡാണ് നൽകിയിരിക്കുന്നത്. ചിത്രത്തിലൂടെ വ്യക്തമാകുന്ന ഫ്രഞ്ച് സമൂഹത്തിലെ സാമൂഹിക അവസ്ഥയെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.




3 സ്കോർ

23. 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' ഫ്രാൻസിലെ ജനതയെ ആവേശഭരിതമാക്കിയ ഈ മുദ്രാവാക്യം ഉയർത്തിയത് ഫ്രഞ്ച് തത്വചിന്തകന്മാരായിരുന്നു. ഫ്രഞ്ച് വിപ്ലവത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയ തത്വചിന്തകന്മാർ ആരെല്ലാമായിരുന്നു? അവരുടെ സംഭാവനകൾ എന്തെല്ലാമായിരുന്നു? 3 സ്കോർ

24. ഫ്രഞ്ച് പാർലമെന്റിലെ മൂന്നാമത്തെ എസ്റ്റേറ്റായ 'കോമൺസ്', ദേശീയ അസംബ്ലിയായി മാറാനുണ്ടായ സാഹചര്യം എന്ത്? 2 സ്കോർ

25. ജൂലൈ 14 ഇന്നും ഫ്രാൻസിന്റെ ദേശീയ ദിനമായി ആചരിക്കപ്പെടുന്നു. ഫ്രഞ്ച് വിപ്ലവത്തിൽ ബാസ്തീയ് കോട്ടയുടെ പതനത്തിന്റെ പ്രാധാന്യം എന്തെന്ന് വിമർശനാത്മകമായി വിലയിരുത്തുക. 2 സ്കോർ

26. ഫ്രഞ്ച് വിപ്ലവത്തിനുശേഷം അധികാരത്തിലേറിയ ദേശീയ അസംബ്ലി ഫ്രാൻസിൽ നടപ്പിൽ വരുത്തിയ ഭരണഘടനാപരിഷ്ക്കാരങ്ങൾ എന്തൊക്കെയായിരുന്നു? (ഏതെങ്കിലും നാലെണ്ണം എഴുതുക).

4 സ്കോർ

---

27. ഇംഗ്ലണ്ടിലെ രാജാവും പാർലമെന്റും തമ്മിലുണ്ടായിരുന്ന ആഭ്യന്തരസമരം രാഷ്ട്രീയരംഗങ്ങളിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

6 സ്കോർ

---

28. ബാസ്തീയിന്റെ പതനം മുതൽ നെപ്പോളിയന്റെ കാലം വരെയുള്ള വിവിധ സംഭവങ്ങൾ ക്രമമായി എഴുതുക.

- വാട്ടർലൂ എന്ന സ്ഥലത്ത് വെച്ച് നെപ്പോളിയന്റെ സൈന്യം ബ്രിട്ടന്റെ നേതൃത്വത്തിലുള്ള സഖ്യശക്തികൾക്ക് കീഴടങ്ങി.
- ഫ്രഞ്ച് ജനത രാജാധിപത്യത്തിന്റെ പ്രതീകമായിരുന്ന ബാസ്തീയ് കോട്ട പിടിച്ചെടുത്ത് തകർത്തു.
- ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.
- നെപ്പോളിയൻ ബ്രിട്ടനെതിരെ ബർലിൻ ശാസനങ്ങൾ എന്നപേരിൽ സാമ്പത്തിക ഉപരോധം പ്രഖ്യാപിച്ചു.
- ഡയറക്ടറിയെ പുറത്താക്കിക്കൊണ്ട് നെപ്പോളിയൻ ബോണപ്പാർട്ട് അധികാരം പിടിച്ചെടുത്തു.

5 സ്കോർ

---

29. ഫ്രഞ്ച് സമൂഹത്തിലെ ഒന്നും രണ്ടും എസ്റ്റേറ്റുകൾക്കെതിരെ പോരാടാൻ മൂന്നാം എസ്റ്റേറ്റിനെ പ്രേരിപ്പിച്ച സാമൂഹ്യസാഹചര്യം എന്ത്? ഏതെങ്കിലും നാലെണ്ണം എഴുതുക.

4 സ്കോർ

---

30. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു എന്നാൽ എല്ലായിടത്തും അവൻ ചങ്ങലക്കെട്ടിലാണ്', 'സമൂഹത്തിന്റെ അഭിവൃദ്ധിക്കായി ജനങ്ങൾ ഏർപ്പെട്ട ഒരു കരാറിന്റെ ഫലമാണ് രാഷ്ട്രം.' ഈ ആശയങ്ങൾ ഫ്രഞ്ച് വിപ്ലവത്തിന് പശ്ചാത്തലമൊരുക്കുന്നതിൽ വഹിച്ച പങ്ക് പരിശോധിക്കുക.

4 സ്കോർ

---

31. ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച സാമ്പത്തിക സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു? വിലയിരുത്തുക.

4 സ്കോർ

---

32. ഫ്രഞ്ച് ദേശീയ അസംബ്ലിയുടെ രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യം എഴുതുക.

4 സ്കോർ

---

33. മൂന്നാം എസ്റ്റേറ്റ് 'ടെന്നീസ് കോർട്ടിൽ' സമ്മേളിക്കുവാനുണ്ടായ സാഹചര്യം എന്ത്? കുറിപ്പ് തയാറാക്കുക.

4 സ്കോർ

---

34. 1806 ൽ ബർലിൻ ശാസനങ്ങൾ എന്ന പേരിൽ നെപ്പോളിയൻ ബ്രിട്ടനെതിരെ നടപ്പിലാക്കിയ ഉപരോധത്തിന്റെ ലക്ഷ്യമെന്തായിരുന്നു?

1 സ്കോർ

---

35. ഫ്രാൻസിന്റെ സാമൂഹ്യസാമ്പത്തിക, രാഷ്ട്രീയരംഗങ്ങളിൽ നെപ്പോളിയന്റെ ഭരണകാലഘട്ടം എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്? ഏതെങ്കിലും നാലെണ്ണം എഴുതുക.

4 സ്കോർ

---

36. ഇംഗ്ലണ്ടിൽ ആരംഭിച്ച വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ എന്തൊക്കെയായിരുന്നു? ഏതെങ്കിലും നാലെണ്ണം എഴുതുക.

4 സ്കോർ

---

37. ഇംഗ്ലണ്ടിലെ തൊഴിലാളികൾക്ക് വോട്ടവകാശം ലഭിച്ചതെങ്ങനെ?

1 സ്കോർ

---

38. വ്യവസായ വിപ്ലവത്തോടനുബന്ധിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് സ്വീകരിച്ച ലെസേ-ഫെയർ സിദ്ധാന്തത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു?

2 സ്കോർ

---

39. ഇംഗ്ലണ്ടിൽ നടപ്പിലാക്കിയ ഫാക്ടറി നിയമത്തിലെ പ്രധാന നിർദേശങ്ങൾ ഏവ?

3 സ്കോർ

---

40. ശാസ്ത്രരംഗത്തുണ്ടായ നേട്ടങ്ങൾ ഇംഗ്ലണ്ടിലെ കാർഷികമേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കിയത്?

2 സ്കോർ

---

41. വ്യവസായ വിപ്ലവാനന്തരം ഇംഗ്ലണ്ടിൽ സ്വതന്ത്രസാമ്പത്തിക സിദ്ധാന്തങ്ങൾക്ക് രൂപം നൽകിയ സാമ്പത്തിക വിദഗ്ധന്മാർ ആരെല്ലാം?

2 സ്കോർ

---

42. മുതലാളിത്ത സമ്പ്രദായത്തിന് ബദലായി ഉയർന്നുവന്ന ആശയമാണ് സോഷ്യലിസം. സോഷ്യലിസ്റ്റ് ആശയങ്ങളുടെ ആദ്യകാല വക്താക്കൾ ആരെല്ലാമായിരുന്നു? അവർ വിഭാവനം ചെയ്ത ആശയങ്ങൾ എന്തെല്ലാം?

2 സ്കോർ

---

43. ഇംഗ്ലണ്ടിലെ കാർഷികമേഖലയിൽ ടൗൺഷെൻഡ് പ്രഭു നടപ്പിലാക്കിയ പരിഷ്കാരമെന്തായിരുന്നു? ഇത് കാർഷിക മേഖലയെ ശക്തിപ്പെടുത്തിയത് എങ്ങിനെ?

2 സ്കോർ

---

44. വളച്ചുകെട്ടൽ പ്രസ്ഥാനം എന്ന സമ്പ്രദായത്തിലൂടെ ഇംഗ്ലണ്ടിലെ കർഷകർ തങ്ങളുടെ കൃഷിഭൂമിയിൽ നിന്നും പുറത്താക്കപ്പെട്ടത് എങ്ങനെ?

2 സ്കോർ

---

45. തുണ്ടുഭൂമികളിൽ കൃഷി ചെയ്തിരുന്ന കർഷകരെ പുറത്താക്കാൻ ഇംഗ്ലണ്ടിലെ സമ്പന്ന കൃഷിക്കാർ നടപ്പിലാക്കിയ പദ്ധതി എന്തായിരുന്നു?

1 സ്കോർ

---